"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ അന്തരിച്ച ഗിരീഷ് കെ.എം-ന്റെ ആശ്രിതയായ ഭാര്യ ശ്രീമതി.നീതു പി.വി -യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ.(കൈ) നം.64/2025/GEDN തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-
1. 24.5.1999-ലെ സ.ഉ.(അ) നം. 12/99/ഉ.ഭ.പ.വ
2. 7.1.2018 ലെ സ.ഉ. (അ) നം.1/2018/ഉ.ഭ.പ.വ
3. 28.04.2018-ലെ സ.ഉ.(അ) നം.7/2018/ഉ.ഭ.പ.വ
4. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 11/02/2020-ലെ സി1/145/2019/പൊവിവ. നമ്പർ കത്ത്.
5. ശ്രീമതി.നീതു പി.വി 04.04.2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
6. 14.07.2023 -ലെ സ.ഉ (അ)നം.12/2023/ഉ.ഭ.പ.വ
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.10.2023 തീയതിയിലെ എ(4)/10848/2023/ഡി.ജി.ഇ നമ്പർ കത്ത്.
8. തൃശ്ശൂർ ജില്ലാ കളക്ടറുടെ 03.03.2025 തീയതിയിലെ എ6-11684/2023 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ 19.08.2022-ൽ അന്തരിച്ച ഗിരീഷ് കെ.എം-ന്റെ ആശ്രിതയായ ഭാര്യ ശ്രീമതി.നീതു പി.വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറും തൃശ്ശൂർ ജില്ലാ കളക്ടറും യഥാക്രമം പരാമർശം (7), (8) പ്രകാരം നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ ഗിരീഷ് കെ.എം 19.08.2022 -ൽ അന്തരിച്ചു. 11.02.2008-ൽ സർവീസിൽ പ്രവേശിച്ച ടിയാന് 14 വർഷം 06 മാസം 08 ദിവസവും സർവീസുണ്ട്. ശ്രീമതി.നീതു പി.വി പരേതന്റെ നിയമാനുസൃത അവകാശിയാണ്. പരേതന്റെ മറ്റ് അവകാശികൾ ആശ്രിത നിയമനത്തിനുള്ള അവകാശം അപേക്ഷകയ്ക്ക് നൽകിക്കൊണ്ട് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 30.05.1984 ആണ്. അപേക്ഷക എസ്.എസ്.എൽ.സി വിദ്യാഭ്യാസ യോഗ്യത

നേടിയിട്ടുള്ളതും ഇപ്പോൾ 40 വയസ്സ് പൂർത്തിയായിട്ടുള്ളതുമാണ്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 2,70,000/- രൂപയാണ് (രണ്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം).

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കും വിധേയമായി, ഉദ്യോഗാർത്ഥിയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, മെഡിക്കൽ ഫിറ്റ്നസ് എന്നിവ നിലവിലുള്ള ചട്ടങ്ങളുടെയും നിയമാവലിയുടെയും അടിസ്ഥാനത്തിൽ നിയമനാധികാരി പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും ആശ്രിത നിയമനങ്ങൾ ഓരോ വർഷവും വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% ൽ കൂടുതലാകരുതെന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (4) കത്തിലെ വസ്തുതകൾക്ക് വിധേയമായും തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് ആയിരിക്കെ അന്തരിച്ച ഗിരീഷ് കെ.എം-ന്റെ ആശ്രിതയായ ഭാര്യ ശ്രീമതി.നീതു പി.വി-യ്ക്ക് (കോടോക്കി ഹൗസ്, വിളക്കുമാടം, വെളുത്തൂർ പി.ഒ, തൃശ്ശൂർ - 680 012) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലോ ഇനി ഉണ്ടാകുന്ന ഒഴിവിലോ നിയമനം നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ ഈ വകുപ്പിൽ നിന്നും അന്വേഷണം നടത്തിയപ്പോഴോ എന്തെങ്കിലും വസ്തുതകൾ മറച്ചു വയ്ക്കുകയോ തെറ്റായി ബോധിപ്പിക്കുകയോ ചെയ്തതായി പിന്നീട് ബോധ്യമാകുന്ന പക്ഷം ഏതു സമയത്തും ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

5. ഇത് സംബന്ധിച്ച നിയമന ഉത്തരവ് നൽകുവാനുള്ള നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതും ശ്രീമതി.നീതു പി.വി-യുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ (ഗിരീഷ് കെ.എം, സീനിയർ ക്ലാർക്ക്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ) സേവന പുസ്തകത്തിലും ടിയാൻ അവസാനം സേവനമനുഷ്ഠിച്ച എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും യഥാവിധി രേഖപ്പെടുത്തേണ്ടതും ആയതു ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. പരാമർശം (6) പ്രകാരം ആശ്രിതനിയമന അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നപക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം അപേക്ഷകയുടെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ

ശ്രീമതി.നീതു പി.വി, കോടോക്കി ഹൗസ്, വിളക്കുമാടം, വെളുത്തൂർ പി.ഒ, തൃശ്ശൂർ - 680 012

(അനന്തരാവകാശ സർട്ടിഫിക്കറ്റ് (ഡിജിറ്റൽ) സഹിതം) (By Registered Post)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
Date: 16-04-2025 10:42:53

സെക്ഷൻ ഓഫീസർ

*പകർപ്പ്: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്*